# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 8260

17.07.2014 ലെ മറുപടിക്ക്

### ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യനിർമ്മാർജ്ജന പ്ലാന്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്തെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | കുമ്പളങ്ങി, കുമരകം, മൂന്നാർ, ദേവികുളം, വർക്കല, വൈത്തിരി എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ശാസ്ത്രീയമായ രീതിയിൽ മാലിന്യസംസ്കരണം നടപ്പിലാക്കുന്നതിനായുള്ള പദ്ധതികൾ നടപ്പാക്കുന്നുണ്ട്. |
| ബി) | എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഇതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | ബി) | ബയോഗ്യാസ് പ്ലാന്റുകൾ, വിൻഡ്രോകമ്പോസ്റ്റ് യൂണിറ്റുകൾ, പ്ലാസ്റ്റിക് പെല്ലറ്റിംഗ് യൂണിറ്റുകൾ തുടങ്ങിയ ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ചാണ് മാലിന്യ സംസ്കരണം നടത്തുന്നത്. |
| സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പദ്ധതിക്ക് വേണ്ടി എങ്ങനെയാണ് പ്രയോജനപ്പെടുത്തിയതെന്ന് വിശദമാക്കുമോ; | സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് മാലിന്യനിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കുന്നത്. ടൂറിസം വകുപ്പ് അനുവദിക്കുന്ന തുക ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നടപ്പിലാക്കുന്നു. |
| ഡി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എടുത്ത നടപടികൾ എന്തെല്ലാമാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ? | | മാലിന്യനിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകുകയും തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ